പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**22.03.2018** ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **4749**

## നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന

ചോദ്യം

ശ്രീ.രാജു എബ്രഹാം

(എ) നിർമ്മാണ സാമഗ്രികൾക്ക് സംസ്ഥാനത്ത് അടിക്കടി വിലവർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന സിമന്റ്, മണൽ, കമ്പി, പാറ ഉൽപ്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരമായി നിശ്ചയിക്കാൻ എന്തെങ്കിലും സംവിധാനം സർക്കാരിനുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് നിരീക്ഷിക്കാനും നിശ്ചിത വില തീരുമാനിച്ച് ഈ വിലയിൽ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

മറുപടി

എ.സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)

(എ) & (ബി) നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന സിമന്റ്, മണൽ, കമ്പി, പാറ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് വില വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികൾക്ക് വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പാക്കിയതിന്റെ ഭാഗമായി ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനും പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കുവാൻ കൂടുതൽ ആളുകളെ പ്രാപ്തരാക്കുന്നതിനും സത്വര നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പാരിസ്ഥിതികാനുമതി കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ എടുക്കുന്നതിലേക്കായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിദേശത്തു നിന്നും ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വില്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ

| | | | |
|---|---|---|---|
| | | | ഭാഗമായി സർക്കാർ 20.02.2018 ലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ മുഖാന്തിരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മണൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ അനുയോജ്യമായ നദികളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ മണൽ ശേഖരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ പരിശോധന നടത്തി വരുകയാണ്. |
| (സി) | നിർമ്മാണ സാമഗ്രികളുടെ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് ബോധപൂർവ്വം വിലക്കയറ്റം സൃഷ്ടിക്കാൻ ഏതെങ്കിലും തരത്തിലുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്വാറി ഉൽപന്നങ്ങളുടെ ലഭ്യതകുറവുമൂലം ഉണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി ഇടപെടുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ക്വാറി ഉത്പന്നങ്ങളുടെ വില കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ സംവിധാനങ്ങളിലൂടെ ഭവന നിർമ്മാണത്തിന് സഹായം ലഭിക്കുന്ന മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടും വിധം സർക്കാരിന്റെ നേതൃത്വത്തിൽ താലൂക്ക് കേന്ദ്രങ്ങളിലെങ്കിലും കുറഞ്ഞ വിലയിൽ നിർമ്മാണ സാമഗ്രികൾ നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ താലൂക്ക് കേന്ദ്രങ്ങളിൽ ഇവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിർമ്മിതി കേന്ദ്രം 'കലവറ' എന്ന ഒരു സംരംഭം ആരംഭിക്കുകയും റവന്യൂ വകുപ്പുദ്യോഗസ്ഥർ, പോലീസ് തുടങ്ങിയവർ അനധികൃത കടത്തുമായി ബന്ധപ്പെട്ട് കണ്ടുകെട്ടുന്ന ധാതുക്കൾ കലവറയെ ഏൽപ്പിക്കുകയും ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് ഇപ്രകാരം പിടിച്ചെടുത്ത നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. നിർമ്മാണ വസ്തുക്കളുടെ ലഭ്യത വർധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സാധ്യമായ മാർഗ്ഗങ്ങളിലൂടെ ന്യായ വില ഉറപ്പിക്കുന്നതിനുമുള്ള സത്വര നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**